## പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 958 | 14.06.2012ൽ മറുപടിയ്ക്ക്

### സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതുവേ വിദ്യാഭ്യാസ നിലവാരത്തകർച്ച അനുഭവപ്പെടുന്നു എന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളിൽനിന്നും വർദ്ധിച്ച ഫീസ് ഈടാക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നല്കാമോ? | (ബി) സ്വാശ്രയ കോളേജുകളിലെ പഠന നിലവാരം സംബന്ധിച്ച് പരിശോധന നടത്തുന്നതിലേയ്ക്കായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാപന മേധാവികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സർവ്വകലാശാലകൾ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരവും സ്വാശ്രയ കോളേജു കളിലെ പഠന നിലവാരവും ഭൗതീക സൗകര്യങ്ങളും സംബന്ധിച്ചുള്ള പരിശോധനകൾ നടത്തുകയും നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ